(എ) കേരളാ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് ഒരുനിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൽ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) ഉണ്ട്.

(ബി) 1978-ലെ 45-ാം ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട ക്രിമിനൽ പ്രൊസീഡിയർ കോഡിന്റെ 24-ാം വകുപ്പിന്റെ വെളിച്ചത്തിൽ താഴെപറയുന്ന ആവശ്യങ്ങളാണ് മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ളത്.

(1) മതിയായ സർവ്വീസുള്ള അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ ജില്ലാതലത്തിലെങ്കിലും പബ്ലിക് പ്രോസിക്യൂട്ടർ ആയോ അസി: പബ്ലിക് പ്രോസിക്യൂട്ടറായോ പ്രമോഷൻ നൽകി നിയമിക്കുക.

(2) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ സംബന്ധിക്കുന്ന, സ്പെഷൽ ചട്ടങ്ങളിൽ, ഇതിനാവശ്യമായ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ അത് ഉടനടി ചെയ്യുക.

(3) ടി ചട്ടങ്ങളിൽ മാറ്റംവരുത്തുന്നതുവരെ കരാർ അടിസ്ഥാനത്തിൽ പബ്ലിക്പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് നിർത്തലാക്കുക.

(4) 19.12.1978-ന് ശേഷം സർവ്വീസിൽ തുടരുന്ന പബ്ലിക് പ്രോസിക്യൂട്ടർമാരെ പിരിച്ചുവിടുക.

(സി) പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കാവുന്നവയല്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

അട്ടപ്പാടി ജലസേചന പദ്ധതി

* 790 [859] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ;

(ബി) എങ്കിൽ ഈ പദ്ധതിമൂലം എത്ര ഏക്കർ സ്ഥലത്തിന് ജലസേചന സൗകര്യം ഉണ്ടാകുമെന്നും എത്ര സംഖ്യ ചെലവുവരുമെന്നും ആണ് കണക്കാക്കിയിരിക്കുന്നത്;

(സി) പദ്ധതിക്കുള്ള അനുവാദം ഇനിയും നൽകിയിട്ടില്ലെന്നു പറയുന്നത് ശരിയാണോ;

(ഡി) പദ്ധതിക്ക് മുൻഗണന നൽകി നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി മൂലം 10,700 ഏക്കർ (4,323 ഹെക്ടർ) സ്ഥലത്ത് ജലസേചനസൗകര്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 1977-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് 842 ലക്ഷം രൂപ ചെലവു വരും.

(സി) പ്ലാനിംഗ് കമ്മീഷന്റെ അവസാന അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതിയുടെ പണികൾ തുടങ്ങിക്കഴിഞ്ഞു.

ചേരി വികസന പരിപാടി

* 791 [860] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ചേരി വികസന പരിപാടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിലെ ചേരിനിർമ്മാർജ്ജന പരിപാടിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇക്കാര്യത്തിനു കേന്ദ്രസഹായം ലഭിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) കേരള സംസ്ഥാനത്തിൽ ഒട്ടാകെ വ്യാപകമായ ഒരു ചേരി വികസന പരിപാടി ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ സംസ്ഥാനത്തുള്ള വിവിധ നഗരങ്ങളിൽ പല ചേരിവികസന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. നഗരസഭകളും നടപ്പിലാക്കുന്ന ചേരിവികസന പദ്ധതികൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്.

(ബി) കേരളത്തിൽ ഒട്ടാകെ ചേരി നിർമ്മാർജ്ജനത്തിന് എത്ര ചെലവു വരുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ചേരി വികസനം, ചേരിനിർമ്മാർജ്ജനം തുടങ്ങിയ പരിപാടികൾക്ക് ഇപ്പോൾ കേന്ദ്രസഹായം ലഭ്യമല്ല.

കേരളാ സ്മാൾ ഇൻഡസ്ട്രീസ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ

* 792 [861] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്മാൾ ഇൻഡസ്ട്രീസ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷന്റെ കീഴിൽ റോ മെറ്റീരിയൽസ് ഡിപ്പോയുടെ ചാർജ്ജുള്ള ബ്രാഞ്ചു മാനേജരുടെ തസ്തികയുടെ പേരു മാറ്റി പി.എസ്.സി.യും കോർപ്പറേഷനും തീരുമാനിച്ച ക്വാളിഫിക്കേഷനില്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly